മണീട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം

80 [2301] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ മണീട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മണീട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നടന്ന ക്രമക്കേടുകളെ സംബന്ധിച്ച് എന്തെങ്കിലും പരാതി സർക്കാരിനോ സഹകരണ സംഘം രജിസ്ട്രാർക്കോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പരാതികളെക്കുറിച്ച് ഏത് ഉദ്യോഗസ്ഥനാണ് അന്വേഷണം നടത്തിയത്;

(സി) അന്വേഷണം പൂർത്തിയായിട്ടുണ്ടോ;

(ഡി) പൂർത്തിയായിട്ടുണ്ടെങ്കിൽ എന്തെല്ലാം നടപടികൾ ഇതിന്മേൽ സ്വീകരിച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) മണീട് സഹകരണ സംഘത്തിലെ ക്രമക്കേടുകളെ സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ അതിന്മേൽ ഏതെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(എച്ച്) ഇപ്പോഴത്തെ പ്രസിഡണ്ടും ഡയറക്ടർ ബോർഡ് അംഗങ്ങളും ആരെല്ലാം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്. മണീട് സർവ്വീസ് സഹകരണ ബാങ്കിൽ സാമ്പത്തിക അഴിമതിയും ക്രമക്കേടും നടക്കുന്നുണ്ടെന്ന് ആരോപിച്ച് ശ്രീ. കെ. കെ. ജോയി, കുമുള്ളിൽ, പാംപ്ര, വെട്ടിക്കൽ, മുളന്തുരുത്തി എന്നയാൾ സർക്കാരിനും സഹകരണ സംഘം രജിസ്ട്രാർക്കും ജോയിന്റ് രജിസ്ട്രാർക്കും അസിസ്റ്റന്റ് രജിസ്ട്രാർക്കും പരാതി സമർപ്പിച്ചിട്ടുണ്ട്.

(ബി) മൂവാറ്റുപുഴ സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആണ് അന്വേഷണം നടത്തിയത്.

(സി) അന്വേഷണം പൂർത്തിയായി എങ്കിലും പൂർണ്ണമായ റിപ്പോർട്ട് ലഭിച്ചിട്ടില്ല

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണസമിതിയുടെ വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) പൂർണ്ണമായ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(എഫ്) കേരളാ സഹകരണ നിയമം 65-ാം വകുപ്പു പ്രകാരം പൊതുയോഗം കൂടുന്നതിന് ആവശ്യമായ കാറത്തിന്റെ 1/3 അംഗങ്ങൾ അപേക്ഷിക്കുകയാണെങ്കിൽ അന്വേഷണത്തിന് രജിസ്ട്രാർക്ക് ഉത്തരവിടാൻ വ്യവസ്ഥയുണ്ട്. അപ്രകാരം ഒരപേക്ഷ പരാതിക്കാരൻ താൽപ്പര്യം എടുത്ത് രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കുകയാണെങ്കിൽ ആയത് പരിശോധിച്ച് നിയമാനുസൃതം യുക്തമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള കോടതിവിധി ലഭിച്ചിട്ടുണ്ട്.

(ജി) മേൽ പ്രസ്താവിച്ച പ്രകാരം അപേക്ഷ രജിസ്ട്രാർക്ക് ലഭിച്ചിട്ടില്ല.

(എച്ച്) വ്യക്തമാക്കാം.

പ്രസിഡന്റ്-എൻ. പി. പൗലോസ്, നെല്ലിക്കുഴിയിൽ, പുളിക്കമാലി പി.ഒ.

ഭരണസമിതി അംഗങ്ങൾ

1. പി. പി. ഏലിയാസ്, പാറപ്പൊറ്റയിൽ, ഏഴക്കരനാട് പി.ഒ.
2. എൻ. വി. കുര്യാച്ചൻ, ഞാറക്കാട്ട്, ഏഴക്കരനാട് പി.ഒ.
3. സന്തോഷ്, എം., വടാത്ത്, വടാത്ത് ഹൗസ്, ഏഴക്കരനാട് സൗത്ത് പി.ഒ.
4. കെ. എൻ. അനിൽകുമാർ, കാവനപ്പറമ്പിൽ, ഏഴക്കരനാട് (സൗത്ത്) പി. ഒ.
5. എം. പി. ഏലിയാസ്, കുഴിവേലിൽ, നീർക്കുഴി, നെച്ചൂർ പി.ഒ.
6. പി. എസ്. തമ്പി, കളത്തനാൽ, മണീട് പി.ഒ.
7. കെ. പി. ജോയി, കുറുംപാലക്കാട്ട്, നെച്ചൂർ പി.ഒ.
8. റ്റി. എ. ജോർജ്ജ്, തൊമ്മൻകുഴിയിൽ, മണീട് പി.ഒ.
9. എ. എ. ശ്രീധരൻ, അരോടിയിൽ, ഏഴക്കരനാട് സൗത്ത് പി.ഒ.
10. വിജയമ്മ നാരായണൻ, കണക്കച്ചേരിൽ, ഏഴക്കരനാട് സൗത്ത് പി. ഒ.

പേരാമ്പ്ര റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ബ്രാഞ്ചുകൾ സ്ഥാപിക്കാൻ നടപടി

81 [2302] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ രണ്ട് ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന്റെ അനുമതിക്കായി സർക്കാരിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly